(ഡി) വാഹനം ഇപ്പോൾ ആരുടെ കൈവശമാണെന്നും ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കഴക്കൂട്ടം പോലീസ് സ്റ്റേഷൻ ക്രൈം 174/03-ാം നമ്പർ കേസിലേക്ക് ഹേതുവായ എം. എച്ച്. 01ആർ.1956-ാം നമ്പർ കാറിനെ സംബന്ധിച്ച ഒരു കേസ് ബഹു. ആറ്റിങ്ങൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻപാകെ സി. സി. 868/03 നമ്പരായി വിചാരണയിൽ ഇരിക്കുന്നതിനാലാണ് ടി കേസിന്റെ ചാർജ്ജ് ഷീറ്റ് നൽകുവാൻ കാലതാമസം നേരിട്ടത്.

(സി) ഇല്ല.

(ഡി) ഇത് സംബന്ധിച്ച കേസിലെ എതിർകക്ഷിയായ ബനിൽഡസ് ഗോമസ്, സൺ ഓഫ് ഹാരി ഗോമസ്, ഡോറസ് കോട്ടേജ്, മുണ്ടയ്ക്കൽ, മുരുക്കുംപുഴ എന്നയാളിന്റെ കൈവശമാണ്. ടി വാഹനത്തിന്റെ ഒറിജിനൽ ആർ. സി. ബുക്ക്, ഒറിജിനൽ ടാക്സ് സർട്ടിഫിക്കറ്റ്, 28-12-2004-ലെ സെയിൽ എഗ്രിമെന്റ് എന്നിവ സി. സി. 868/03-ാം നമ്പർ കേസിലേക്ക് ആറ്റിങ്ങൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി-2 മുൻപാകെ ടി ബനിൽഡസ് ഗോമസ് ഹാജരാക്കിയിരിക്കുകയാണ്.

കഴക്കൂട്ടം പോലീസ് സ്റ്റേഷനിലെ കേസ്

47 [821] ശ്രീ. കെ. മോഹൻ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്രൈം നമ്പർ 174/03 എന്ന കേസ്സിന്റെ ചാർജ്ജ് ഷീറ്റ് നൽകിയിട്ടുണ്ടോ ;

(ബി) കേസിൽ ഉൾപ്പെട്ട വാഹനം കണ്ടെടുത്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) കേസിൽ എന്നേക്ക് ചാർജ്ജ് ഷീറ്റ് നൽകുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) കഴക്കൂട്ടം പോലീസ് സ്റ്റേഷൻ ക്രൈം 174/03 സെക്ഷൻ 420 ആന്റ് 34 ഐ. പി. സി. പ്രകാരമുള്ള കേസിലേക്ക് ഹേതുവായ എം. എച്ച്. 01 ആർ. 1956-ാം നമ്പർ കാറിനെ സംബന്ധിച്ച ഒരു കേസ് സി സി 868/03-ാം നമ്പരായി ബഹു. ആറ്റിങ്ങൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-2 മുൻപാകെ വിചാരണയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കുകയാണ്. കൂടാതെ ടി വാഹനത്തിന്റെ ഒറിജിനൽ ആർ. സി. ബുക്ക്, ഒറിജിനൽ ടാക്സ് സർട്ടിഫിക്കറ്റ്, 28-12-2004-ലെ സെയിൽ എഗ്രിമെന്റ് എന്നിവ ടി കോടതി മുൻപാകെ കഴക്കൂട്ടം പി. എസ്. ക്രൈം 174/03 നമ്പർ കേസിലെ എതിർകക്ഷി ബനിൽഡസ് ഗോമസ് ഹാജരാക്കിയിട്ടുള്ളതുമാണ്. ഇപ്രകാരം കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതുകൊണ്ടാണ് ടി വാഹനം റിക്കവറി ചെയ്യാനോ ക്രൈം 174/03-ാം നമ്പർ കേസിന്റെ അന്വേഷണം പൂർത്തിയാക്കി ചാർജ്ജ് ഷീറ്റ് ഹാജരാക്കാനോ സാധിക്കാത്തത്.

(ഡി) വിചാരണയിലിരിക്കുന്ന കേസിന്റെ തീരുമാനപ്രകാരം മാത്രമേ ചാർജ്ജ് ഷീറ്റ് ഹാജരാക്കുവാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

കുറ്റവാളികളെ അറസ്റ്റ് ചെയ്യുന്നതിൽ കാലതാമസം

48 [822] ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം പോലീസ് സ്റ്റേഷനിൽ എഫ്. ഐ. ആർ. നമ്പർ 269/03 കേസിലെ പ്രതികൾ ആരെല്ലാമാണെന്നും അവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്നും അറിയിക്കാമോ ;

(ബി) അറസ്റ്റ് ചെയ്യാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കേസിലെ പ്രതികളെ രണ്ടുവർഷമായിട്ടും അറസ്റ്റ് ചെയ്യാത്ത സാഹചര്യത്തിൽ കേസിന്റെ അന്വേഷണ ചുമതല പ്രത്യേക ടീമിനെ ഏൽപ്പിക്കുമോ ?

ഉത്തരം

(എ) ബാലരാമപുരം പോലീസ് സ്റ്റേഷൻ ക്രൈം 269/03-ാം കേസിലെ പ്രതികൾ ആരെല്ലാമാണെന്ന് നാളിതുവരെ അറിവായിട്ടില്ലാത്തതിനാൽ ആരെയും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല.

(ബി) പ്രതികളെ തിരിച്ചറിയാൻ കഴിയാത്തതിനാൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(സി) പ്രസ്തുത കേസിന്റെ അന്വേഷണം ബാലരാമപുരം പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറിൽനിന്നും മാറ്റി നെയ്യാറ്റിൻകര സർക്കിൾ ഇൻസ്പെക്ടറെ ഏൽപ്പിച്ചിട്ടുള്ളതും അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നതുമാകുന്നു.